(ഐ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ജെ)& (കെ) പ്രസക്തമല്ല.

132 (1676) വൈദ്യുത പദ്ധതികളുടെ നവീകരണം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാലപ്പഴക്കംചെന്ന വൈദ്യുതി പദ്ധതികൾ നവീകരിക്കുന്നതു സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് നിയോഗിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ എത്ര പണം ചെലവായിയെന്നും, അതിന് ആഗോള ടെണ്ടർ വിളിച്ചിരുന്നോ എന്നും വിശദമാക്കുമോ;

(സി) നവീകരണ ജോലികൾക്കുള്ള ടെണ്ടർ വിളിച്ചിരുന്നോ; ജോലികൾ ഏതെങ്കിലും കമ്പനിയെ ഏൽപിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കാലപ്പഴക്കം ചെന്ന വൈദ്യുത പദ്ധതികൾ നവീകരിക്കുന്നത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഏജൻസികളെയൊന്നും നിയോഗിച്ചിരുന്നില്ല. എന്നാൽ പള്ളിവാസൽ, ചെങ്കുളം, പന്നിയാർ എന്നീ പദ്ധതിയുടെ നവീകരണം സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന്, റിട്ട യേർഡ് ചീഫ് എഞ്ചിനീയർ ശ്രീ. ജി. രാധാകൃഷ്ണപിള്ളയെ 1995 സെപ്തംബറിൽ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു. ശബരിഗിരി പദ്ധതിയുടെ നവീകരണം സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 24.6.98-ന് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നതിന് 98,000/- രൂപ ചെലവായി. റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആഗോള ടെണ്ടർ വിളിക്കേണ്ട കാര്യമില്ല.

(സി) നേര്യമംഗലം, ശബരിഗിരി എന്നീ പദ്ധതികളുടെ നവീകരണത്തിന് ടെണ്ടർ വിളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ പദ്ധതികളുടെ നവീകരണജോലികൾ എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ട്. 10.8.95-ൽ എസ്.എൻ.സി. കമ്പനിയും കെ.എസ്.ഇ.ബി.യും തമ്മിലൊപ്പിട്ട ധാരണാപത്രത്തിന്റെ തുടർ നടപടിയാണ് എസ്.എൻ.സി. കമ്പനിക്ക് പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണജോലികൾ ഏൽപ്പിച്ചിട്ടുള്ളത്.

133 (1677) മാനന്തവാടി ജലവൈദ്യുത പദ്ധതി

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വയനാട് ജില്ലയിൽ മാനന്തവാടി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ പദ്ധതി നടപ്പാക്കുമ്പോൾ എത്ര കുടുംബങ്ങൾ കുടിയിറക്കപ്പെടേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇവരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുള്ളത് ഏത് വർഷം നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) എത്ര ഹെക്ടർ സ്ഥലം ഈ പദ്ധതിക്കായി അക്വയർ ചെയ്യേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ നിർമ്മാണത്തിനായി മൊത്തം എത്ര തുക മതിപ്പ് ചെലവു വരും;

(ഇ) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഈ പദ്ധതിയിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുകയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) ഈ പദ്ധതിക്ക് എവിടെയാണ് അണകെട്ടാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) അണക്കെട്ടിന്റെ ഉയരം എത്രയാണ്;

(എച്ച്) അണക്കെട്ട് വരുമ്പോൾ എത്ര ഹെക്ടർ സ്ഥലം വെള്ളത്തിനടിയിൽ ആകും;

(ഐ) ഈ പദ്ധതിയുടെ പവർ സ്റ്റേഷൻ എവിടെയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്;

(ജെ) ഇവിടെനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഏതു ജില്ലയ്ക്കാണ് കൂടുതൽ ഉപകരിക്കുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ എത്ര കുടുംബങ്ങളെ കുടിയിറക്കേണ്ടി വരുമെന്ന് തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കണക്കാക്കി വരുന്നതേയുള്ളൂ.

(സി) ഇതുസംബന്ധിച്ച് അന്തിമ പഠനം പൂർത്തിയായിട്ടില്ല.

(ഡി) പഠനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്കേ പദ്ധതി ചെലവ് തിട്ടപ്പെടുത്താനാവൂ.

(ഇ) 225 മെഗാവാട്ട് ആണെന്നാണ് ഉദ്ദേശിക്കുന്നത്.

(എഫ്) മാനന്തവാടി നദിക്ക് കുറുകെയായി വാളാട് എന്ന സ്ഥലത്താണ് പ്രധാന ആണക്കെട്ട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ജി)&(എച്ച്) പഠനം പൂർത്തിയായി വരുന്നതേയുള്ളൂ.

(ഐ) ആവലിപ്പുഴയുടെ ഇടതുകരയിലുള്ള നിരണം തോടിൽ.

(ജെ) വയനാട് ജില്ലയിലും മലബാർ മേഖലയിലെ മറ്റു ജില്ലകളിലും.

134 (1678) ജലസ്രോതസ്സുകളുടെ ഉപയോഗം

ശ്രീ. ആന്റണി രാജു :

296/2010

LIBRARY ARCHIVES Kerala Legislative Assembly